## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 199

04.05.2017 - ൽ മറുപടിക്ക്

# സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>,, കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഒ. ആർ. കേളു | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്താകെ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 142 മൊബൈൽ ത്രിവേണികളിൽ 57 എണ്ണമാണ് നിലവിൽപ്രവർത്തിക്കുന്നത്. 85 എണ്ണം കേടുപാടായി കിടക്കുന്നത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ലാഭകരമല്ല എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കൺസ്യൂമർ ഫെഡിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം, ത്രിവേണി, നീതി, സഹകരണ സ്ഥാപനങ്ങളുടെ സ്റ്റോറുകൾ എന്നിവ ലഭ്യമല്ലാത്ത ദരിദ്രജനവിഭാഗങ്ങൾ കൂടുതൽ തിങ്ങി പാർക്കുന്ന ആദിവാസി മേഖല, മത്സ്യതൊഴിലാളി മേഖല, മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കായി നിജപ്പെടുത്തണമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ റീജിയണിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ ഭാഗമായി 57 മൊബൈൽ ത്രിവേണികൾ ഇപ്പോൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊബൈൽ ത്രിവേണികളുടെ സഞ്ചാരപഥം ക്ലിപ്തപ്പെടുത്തിയും, മൊബൈൽ ത്രിവേണികളിൽ ലഭ്യമാകുന്ന സാധനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും, മൊബൈൽ ത്രിവേണിയുടെ നടത്തിപ്പിന് കറേക്കൂടി |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | താൽപര്യവും കാര്യക്ഷമതയും പ്രകടിപ്പിക്കുന്ന ജീവനക്കാരെ ചുമതലപ്പെടുത്തിയും, മൊബൈൽ ത്രിവേണികളുടെ വിറ്റു വരവ്, ചിലവ് എന്നിവ സംബന്ധിച്ച് ദൈനംദിന മോണിറ്ററിങ്ങ് ഫലപ്രദമാക്കിയും സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. |
| (സി) | വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും ഫിറ്റ്നെസ് പരിശോധനയും മുൻസർക്കാരിന്റെ കാലത്ത് സമയബന്ധിതമായി നടത്താതിരുന്നതുകൊണ്ടുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തു നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | വാഹനങ്ങളുടെ അറ്റകുറ്റപണിയും, ഫിറ്റ്നസ് പരിശോധനയും മുൻ സർക്കാരിന്റെ കാലത്ത് സമയബന്ധിതമായി നടത്താതിരുന്നതുകൊണ്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വാഹനങ്ങളുടെ നിലവിലെ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുള്ളതും, വർഷങ്ങളായി ടാക്സ്, ഇൻഷ്വറൻസ് എന്നിവ അടയ്ക്കാതിരുന്നത് കുടിശ്ശിക അടക്കം അടച്ചുതീർത്തിട്ടുള്ളതും, അറ്റകുറ്റപണികൾ നടത്തി പ്രവർത്തനം പുന:സ്ഥാപിക്കാവുന്ന വാഹനങ്ങൾ പുന:സ്ഥാപിച്ചിട്ടുള്ളതും മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ബന്ധപ്പെട്ട ത്രിവേണി സൂപ്പർമാർക്കറ്റുകളുമായി ബന്ധപ്പെടുത്തിയും, ആവശ്യാനുസരണം സ്റ്റോക്ക് ലഭ്യമാക്കുവാനും, മെയിന്റനൻസ് വർക്ക് സമയബന്ധിതമായി നടത്തുവാനും നടപടികൾ സ്വീകരിച്ചും തീരെ ഉപയോഗശൂന്യമല്ലാത്തതും, വഴിവക്കിൽ കിടന്ന് പൊതുജനങ്ങൾക്കും നാട്ടുകാർക്കും ശല്യമായി തീർന്ന വാഹനങ്ങൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ